## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6167 — 07-11-2016-ലെ മറുപടിയ്ക്ക്

### നേവൽ ആംഡ് ഡിപ്പോക്ക് ചുറ്റുപാടും ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള തടസ്സം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് : | | ഡോ. കെ.റ്റി. ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ എടത്തല പഞ്ചായത്തിൽ പ്രതിരോധ വകുപ്പിന് കീഴിലുള്ള നേവൽ ആംഡ് ഡിപ്പോക്ക് ചുറ്റുപാടും ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) | ഈ തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) നേവൽ ആംഡ് ഡിപ്പോയുടെ മെയിൻ ഗേറ്റിന്റെ ചുറ്റുമതിലിൽ നിന്നും 100 മീറ്റർ പരിധിയിൽ യാതൊരു കാരണവശാലും ബിൽഡിംഗ് പെർമിറ്റ് നൽകരുതെന്ന് നേവൽ ആംഡ് ഡിപ്പോ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2007 ന് ശേഷം ആർക്കും പെർമിറ്റ് നൽകിയിട്ടില്ല. പെർമിറ്റ് കിട്ടാത്ത ചില വ്യക്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന് അനുമതി നൽകുകയോ അല്ലെങ്കിൽ ടി സ്ഥലം നേവൽ ആംഡ് ഡിപ്പോ ഏറ്റെടുത്ത് ടി സ്ഥലത്ത് താമസിക്കുന്ന ആളുകൾക്ക് കോംപൻസേഷൻ നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായി. തുടർന്ന് ബഹു. എം.പി, എം.എൽ.എ, കളക്ടർ, പഞ്ചായത്ത് പ്രിതിനിധികൾ എന്നിവർ നേവൽ ആംഡ് ഡിപ്പോ അധികൃതരുമായി കൂടികാഴ്ച നടത്തുകയും സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് നേവൽ ആംഡ് ഡിപ്പോയുടെ ഹയർ അതോറിറ്റികളിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം |

നേരിട്ടും എന്ന് അറിയിച്ചതിനെ തുടർന്ന് ടി സ്ഥലം പഞ്ചായത്ത് തന്നെ അളന്ന് തിട്ടപ്പെടുത്തുന്നതിന് ധാരണയായിട്ടുള്ളതാണ്. അളന്ന് തിട്ടപ്പെടുത്തുന്നതിന് പ്രതിനിധിയെ നിയോഗിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ